**മർക്കോസിന്റെ മാളിക.** മർക്കോസിന്റെ മാളിക ക്വംതായുടെ വടക്കുവശത്തായി യെറുശലേം മതിൽ കെട്ടിനുള്ളിലുള്ള ഒരു സമുച്ചയം ആകുന്നു. ആദിമ ( കാലം മുതൽ ഇത് സിറിയൻ ഓർത്തഡോക്സ് സഭയുടെ അധികാരത്തിലും അവകാശത്തിലുമാണ്. ഈ സഭയുടെ യെരുശലേമിലെ മെത്രാപ്പോലീത്തയുടെ ആസ്ഥാനമന്ദിരവും ഇതാകുന്നു. ഞങ്ങൾ അവിടം സന്ദർശിക്കുന്ന വിവരം അനൂബ് അച്ചൻ വഴി അവിടത്തെ മെത്രാപ്പോലീത്തക്ക് അറിവുണ്ടായിരുന്നു. വൈകിട്ട് ദയറായിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാനുള്ള അനുവാദം ഞങ്ങളുടെ സഹയാത്രികനായ ക്നാനായ സമുദായത്തിന്റെ അഭി. കുറിയാക്കോസ് മാർ ഇവാനിയോസ് തിരുമേനിക്ക് നൽകിയിരുന്നു. വളരെ ദൂരെയൊരു സ്ഥലത്ത് ബസ്സിൽ നിന്നിറങ്ങി. ഇടവഴികളിലൂടെ നടന്ന് അവിടെ എത്തിയപ്പോൾ ആറേകാൽ മണിയായിരുന്നു. അപ്പോൾ അവിടെ സന്ധ്യാ നമസ്ക്കാരം നടന്നു കൊണ്ടിരിന്നു. മെത്രാപ്പോലീത്തയും രണ്ടു റമ്പാച്ചന്മാരും ഏതാനും അച്ചൻമാരും (ശെമ്മാശ്ശൻ) വളരെ ചുരുക്കം വിശ്വാസികളും ചേർന്ന് നടത്തിയിരുന്ന പ്രാർത്ഥന ആറര മണിക്ക് അവസാനിച്ചു. തുടർന്ന് വി. കുർബ്ബാനക്കു മുന്നോടിയായി ഞങ്ങൾ പ്രഭാതം - മൂന്നാം മണി ആറാം മണി നമസ്കാരങ്ങൾ മലയാളത്തിൽ നിവർത്തിച്ചു. അതെ സമയം അഭിവന്ദ്യ തിരുമേനി കുളിച്ചു വൃത്തിയായി മദുബഹായിൽ പ്രവേശിച്ച് തൂയോബായും നടത്തിക്കൊണ്ടിരുന്നു. ഏഴേകാൽ മണിക്ക് മലയാളത്തിൽ വി. കുർബ്ബാന ആരംഭിച്ചു. ധൂപക്കുറ്റി എടുത്തിരുന്നത് അനൂബ് അച്ചനായിരുന്നു. ഞങ്ങളുടെ സംഘത്തിലെ രണ്ടു പുരുഷൻമാർ മദ്ബഹായുടെ പുറത്തു നിന്ന് മറ വലിക്കുക, മറുബാസ്സാ കിലുക്കുക മെഴുകുതിരി ഉയർത്തിപ്പിടിക്കുക മുതലായവ ചെയ്തു സഹായിച്ചു. മിക്കവരും ഹൂസോയോ പ്രാപിച്ച് വി. കുർബ്ബാന അനുഭവിച്ചു. എട്ടേകാൽ മണിക്ക് വി.കുർബ്ബാന കഴിഞ്ഞെത്തിയ ഞങ്ങൾക്ക് ദയാറ വക കാപ്പി സൽക്കാരം ഉണ്ടായിരുന്നു. ദയാറായിൽ വില്പനക്കു വച്ചിരുന്ന





വി.ദൈവമാതാവിന്റെ ഛായാ ചിത്രം

മിക്കവരും വാങ്ങിച്ചു.അല്പസമയത്തെ പരിചയപ്പെടലിനു ശേഷം അവിടത്തെ മെത്രാപ്പോലീത്ത മാർ സേവേറിയോസ് മൽക്കെ ഞങ്ങളെ യാത്രയയച്ചു.

കർത്താവ് ശിഷ്യൻമാരുമായി യഹൂദ പെസഹാ ആചരിച്ച് ക്രിസ്തീയ പെസഹയാകുന്ന വി. കുർബ്ബാന സ്ഥാപിച്ചതും, ശ്ലീഹന്മാരുടെ മേൽ തീനാമ്പിന്റെ സാദൃശത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങിയതും, ഉയർപ്പിനുശേഷം താൻ ശ്ലീഹാൻമാർക്ക് പ്രത്യക്ഷപ്പെട്ടതും, മാർ യാക്കോബ് ശ്ലീഹാ ആദ്യം വി. കുർബ്ബാന അനുഷ്ഠിച്ചതും, കാരാഗ്രഹത്തിൽ

നിന്നും വിമുക്തനായ വി.പത്രോസ് വന്ന് പ്രവേശിച്ചതും, വി. കന്യമറിയത്തെ മാമോദീസാ നടത്തിയതുമായ അനേക വൻ കാര്യങ്ങൾ ഈ ദയാറായിൽ നടന്നിട്ടുണ്ടെന്നാണ് പാരമ്പര്യം. ഈ പള്ളി വി. ദൈവമാതാവിന്റെ നാമത്തിലാണ്, മദ്ബഹയിൽ ഒരു ത്രോണോസു മാത്രമെ ഉള്ളു. ഹൈക്കലായുടെ മദ്ധ്യത്തിൽ തെക്കേ ഭിത്തിയോട് ചേർന്ന് വേറൊരു ത്രോണോസ് ഉണ്ട്. ഇത് ഒരു മാമോദ്ദീസ്സാക്കല്ലാകുന്നു. വി. ദൈവമാതാവിനെയും ലാസറിനെയും അവന്റെ സഹോദരികളെയും സ്നാനപ്പെടുത്തിയത് ഇതിനകത്താണ്. പള്ളിയുടെ പടിഞ്ഞാറെ ഭാഗത്ത് താഴെ നിലവറ മുറിയിൽ ബഹനാൻ സഹദായുടെ നാമത്തിൽ ഒരു ത്രോണോസുണ്ട്. ഈ ദയാറായിൽ എല്ലാ നിലകളിലും കൂടി നാൽപ്പതിൽ കുറയാത്ത മുറികൾ ഉണ്ട്. ദയാറായുടെ തെക്കും വടക്കും ഭാഗങ്ങളിലുള്ള രണ്ടു എടുപ്പുകൾ നടുവിൽ വിലങ്ങനെ ഒരു എടുപ്പുമായി ബന്ധിച്ചിരിക്കുന്നു. മിക്ക ഭാഗങ്ങളും മൂന്നു നിലകളാണ്. തെക്കുവശത്ത് കിഴക്കുപടിഞ്ഞാറുള്ള വലിയ കെട്ടിടത്തിന്റെ മദ്ധ്യഭാഗമാണ് "സെഹിയോൻ മാളിക" യെന്നു വിളിക്കുന്ന മർക്കോസിന്റെ ഭവനം. സുപ്രധാന സംഭവങ്ങൾ നടന്ന ഈ സ്ഥലം ഒരു പള്ളിയായി (സിനഗോഗ്) രൂപാന്തരപ്പെടുകയും ക്രൈസ്തവ സഭയുടെ യെറുശലേമിലെ പുണ്യസ്ഥലങ്ങളിലൊന്നായി മാറുകയും ചെയ്തു.

ഒരു നൂറ്റാണ്ടു മുൻപുവരെ ഈ കെട്ടിടത്തെപ്പറ്റി ഒരു സംശയവുമില്ലായിരുന്നു. പുതിയ പഠനങ്ങൾ മർക്കോസിന്റെ ഈ മാളിക **സെഹിയോൻ മാളിക**യെന്നതിന് യാതൊരു സ്ഥിരീകരണവും നൽകുന്നില്ല. പട്ടണത്തിന്റെ തെക്കുപടിഞ്ഞാറെ മൂലക്കുള്ള **'സെനോക്കുലം'** അഥവാ മാളികയാണ് സെയിയോൻ മാളികയെന്ന് തെളിവുകളുടെ ബലത്തിൽ ഇന്ന് അഭിപ്രായം രൂപപ്പെട്ടിട്ടുണ്ട്. ദാവീദിന്റെ ശവകുടീരവും വി.ദൈവമാതാവ് നിദ്രപ്രാപിച്ച സ്ഥലവും അവിടെയടുത്താണ്. പുണ്യസ്ഥലങ്ങളുടെ സ്ഥാന നിർണ്ണയം പണ്ഡിതൻമാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസമുള്ള കാര്യമാണ്. സ്ലീബാ പാതക്കു തന്നെ രണ്ടു വ്യത്യസ്ഥവഴികൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗോൽഗോഥായും കബറിടവും പോലും രണ്ടു സ്ഥലങ്ങളിൽ ചൂണ്ടിക്കാണിക്കുന്നു. ഏതിനാണോ കൂടുതൽ തെളിവുകളും സാക്ഷ്യങ്ങളുമുള്ളത് അത് ആംഗീകരിക്കുകയാണ് ഉചിതം. ഈ അടിസ്ഥാനത്തിൽ സെഹിയോൻ മാളിക ഇപ്പോഴുള്ള മർക്കോസിന്റെ ദയറായെക്കാൾ കൂടുതൽ ന്യായയുക്തമായിട്ടവകാശപ്പെടുന്നത് സീയോൻ കുന്നിലുള്ള 'സെനോകുലം' തന്നെ.

ഒൻപതു മണിക്ക് താമസസ്ഥലമായ യെറുശലേം ഗോൾഡ് ഹോട്ടലിൽ ഞങ്ങൾ തിരിച്ചെത്തി. ഭക്ഷണത്തിനു ശേഷം മുറികളിൽ വിശ്രമിച്ചു. യാത്രാക്ഷീണത്താൽ അധികം താമസിയാതെ ഉറങ്ങി.

## 21.09.09 തിങ്കളാഴ്ച യെറുശലേമിൽ

രാവിലെ തന്നെ ഉണർന്ന് പ്രഭാത കർമ്മങ്ങൾക്കും ഭക്ഷണത്തിനും ശേഷം യാത്രക്കൊരുങ്ങി ഹോട്ടലിന്റെ മുൻവശം ഞങ്ങളെത്തി. അവിടെ വേറൊരു സംഘം തീർത്ഥാടകർ ചെക്ക് ഔട്ട് ചെയ്യുന്നതിന്റെ തിരക്കായിരുന്നതിനാൽ ഞങ്ങളുടെ ബസ്സ് വരാനല്പം വൈകി. പ്രാർത്ഥനയോടെ 8 മണിക്ക് യാത്ര ആരംഭിച്ചു. ആദ്യം പോകുന്നത്